# പതിമൂന്നാം കേരള നിയമസഭ
## പതിനാലാംസമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാചോദ്യം നം.1726 06.07.2015 ലെ മറുപടിയ്ക്ക്**

**അപേക്ഷകൾക്കും പരാതികൾക്കും കൈപ്പറ്റ് രസീത്**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.പി.തിലോത്തമൻ | | ശ്രീ.ഉമ്മൻ ചാണ്ടി<br>ബഹു.മുഖ്യമന്ത്രി |
| എ) മന്ത്രിമാരുടെ ഓഫീസുകളിലും സെക്രട്ടറിയേറ്റിലെ വിവിധ സെക്ഷനുകളിലും എം.എൽ.എ മാരും മറ്റ് അപേക്ഷകരും നൽകുന്ന നിവേദനങ്ങൾ, പരാതികൾ, അപേക്ഷകൾ എന്നിവയ്ക്ക് അപ്പപ്പോൾ തന്നെ കൈപ്പറ്റ് രസീത് നൽകുന്ന സമ്പ്രദായം നിലവിലുണ്ടോ, ഇല്ലെങ്കിൽ ഇപ്രകാരം നൽകുന്ന അപേക്ഷകൾ മന്ത്രിമാരുടെ ഓഫീസിലും വിവിധ ഡിപ്പാർട്ട്മെന്റ് സെക്ഷനുകളിലും ലഭിച്ച എന്നറിയുവാൻ എന്താണ് മാർഗ്ഗം, വിശദമാക്കുമോ; | എ യും<br>ബി യും<br>സി യും | പൊതുജനങ്ങളിൽ നിന്നും സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന പരാതികൾ, നിവേദനങ്ങൾ, അപേക്ഷകൾ തുടങ്ങിയവയ്ക്ക് ആയത് കിട്ടിയാലുടൻ കൈപ്പറ്റ് രസീത് കൃത്യമായി നൽകണമെന്നും അപ്രകാരം കൈപ്പറ്റ് രസീത് നൽകണമെന്ന ഗവൺമെന്റ് ഉത്തരവിന്റെ ഉള്ളടക്കം ഓഫീസിന്റെ പ്രധാന ഭാഗത്ത് നിശ്ചിത വലിപ്പത്തിലുള്ള ബോർഡിൽ പ്രദർശിപ്പിക്കേണ്ടതാണെന്ന് സർക്കുലർ. നം/168/എ.ആർ 13(2)/09/ഉഭപവ തീയതി 12.01.2009 പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളതാണ്. പ്രസ്തുത നിർദ്ദേശം വീഴ്ച കൂടാതെ പാലിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ടും ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട ഓഫീസർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കുന്നത് ആണെന്നും ആവർത്തിച്ച് നിർദ്ദേശിച്ചുകൊണ്ട് 20.09.2011 ൽ 10827/എ.ആർ 13(2)/11/ഉഭപവ നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. |
| ബി) വിവിധ ഓഫീസുകളിലും മന്ത്രിമാരുടെ ഓഫീസുകളിലും ലഭിക്കുന്ന അപേക്ഷകൾക്ക് യഥാസമയം കൈപ്പറ്റ് രസീതുകൾ പോലും ലഭിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ഇതു പരിഹരിക്കുവാൻ കൈക്കൊണ്ടിട്ടുള്ള നടപടി എന്താണെന്ന് വ്യക്തമാക്കുമോ; | | |

(തുടർച്ച......2)

സി വിവിധ ഡിപ്പാർട്ട്മെന്റുകളുടെ തപാൽ സെക്ഷനുകളിൽ രേഖകളും കത്തുകളും നേരിട്ട് കൊണ്ടുചെന്നാൽ അപ്പപ്പോൾ കൈപ്പറ്റ് രസീതോ, തപാൽ നമ്പരോ നൽകണമെന്ന് എല്ലാ ഓഫീസുകൾക്കും അടിയന്തര നിർദ്ദേശം നൽകുമോ?

സെക്ഷൻ ഓഫീസർ